**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2835** **22-01-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ജലസേചനത്തിൽ കൈവരിച്ച പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുല്ലക്കര രത്നാകരൻ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽ കുമാർ** | | **Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം കാർഷിക ജലസേചനത്തിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ; | (എ) | കാർഷികമേഖലയിലെ ഉത്പാദന വർദ്ധനയും, ഭക്ഷ്യ ഉൽപന്നങ്ങളുടെ മേഖലയിൽ സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരുന്നത്. ഇതിന്റെ ഭാഗമായി ചെറുകിട ജലസേചന പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ജലസേചനവകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത്. ചിറ്റൂർ പുഴ പദ്ധതിയുടെ പരിധിയിൽ വരുന്ന 20440 ഹെക്ടർ, ചുള്ളിയാർ പദ്ധതിയിൽ വരുന്ന 2430 ഹെക്ടർ , മീങ്കര പദ്ധതിയിൽ വരുന്ന 3033 ഹെക്ടർ, വാളയാർ പദ്ധതിയിൽ വരുന്ന 3997 ഹെക്ടർ കൃഷി സ്ഥലങ്ങളിൽ ഉണക്ക് ഭീഷണി ഇല്ലാതെ ജലസേചനം കാര്യക്ഷമമായി നടത്താൻ സാധിച്ചിട്ടുണ്ട്. ഇറിഗേഷൻ ഡിവിഷൻ മലമ്പുഴക്ക് കീഴിൽ കനാൽ ശൃംഖലയിൽ ഏറ്റവും പ്രധാനമായ കാഡാ കനാലുകളുടെ പുനരുദ്ധാരണം സാധ്യമായതുകൊണ്ട് ജലസേചനം നല്ല രീതിയിൽ നടത്താൻ സാധിക്കുന്നുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയിൽ പ്ലാൻ ഫണ്ട് വകയിരുത്തിയതിന്റെ ഫലമായി കനാൽ ശൃംഖല നവീകരിച്ച വരികയും അതുവഴി കൂടുതൽ ജലസേചനം സാധ്യമാവുകയും ചെയ്തു. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഭാഗമായി 28.763 കി.മീ. കനാൽ പൂർത്തീകരിച്ച് കാരിക്കോട്, ഇടയാർ എന്നീ ഉപ കനാലുകൾ ഒഴിവാക്കി 10.07.2020 ന് പദ്ധതി കമ്മീഷൻ ചെയ്തു. പാമ്പാർ നദീതട പദ്ധതിയിൽ ഇടുക്കി ജില്ലയിൽ കാന്തല്ലൂർ പഞ്ചായത്തിൽ പട്ടിശ്ശേരി ഡാമിന്റെ പുനർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തിയിലൂടെ 515.2 ഹെ. സ്ഥലത്ത് |

| | | | |
|---|---|---|---|
| | | | ജലസേചന സൗകര്യം ഒരുക്കാൻ കഴിയും. കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി 27 പ്രവൃത്തികൾ പൂർത്തീകരിച്ച് 855.876 ഹെ. സ്ഥലത്ത് ജലസേചന സൗകര്യം ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കല്ലട ജലസേചന പദ്ധതിയിൽ 1412.51 ഹെ. ആയക്കട്ട് കൈവരിക്കാനും നിലവിലുള്ള 51211.443 ഹെ. സ്റ്റെബിലൈസ് ചെയ്യാനും കഴിഞ്ഞിട്ടുണ്ട്. ഇടമലയാർ ജലസേചന പദ്ധതിയിൽ കനാലിനു കുറുകെ എം.സി റോഡ് ക്രോസ്സിംഗിന്റെ പണി പൂർത്തീകരിക്കുകയും ചെ.9000 വരെയുണ്ടായിരുന്ന ജലവിതരണം 12540 മീ. വരെ എത്തിക്കുവാനും കഴിഞ്ഞു. ലിങ്ക് കനാൽ 2000 മീ. വരെ പൂർത്തീകരിച്ചു. വാഴാനി ജലസേചനപദ്ധതിയിൽ 3450 ഹെക്ടർ ആയിരുന്ന ആയക്കെട്ട് 3650 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി എത്ര ഹെക്ടർ പ്രദേശത്ത് ജലവിതരണം നടത്തുന്നതിന് ഈ സർക്കാരിന് കഴിഞ്ഞെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ കഴിഞ്ഞ നാലരവർഷകാലയളവിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ന്റെ കീഴിൽ മൊത്തം 58,712.68 ഹെക്ടർ കൃഷിഭൂമിയ്ക്ക് അധിക ജലസേചനസൗകര്യമൊരുക്കാൻ സാധി ച്ചിട്ടുണ്ട് . കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഫണ്ട്അപര്യാപ്തതമൂലം ജലസേചനം നടത്താൻ കഴിയാതിരുന്ന 2500 ഹെക്ടറോളം സ്ഥലത്ത്ജലവിതരണം പുന:സ്ഥാപിക്കാൻ കഴിഞ്ഞു. കാരാപ്പുഴ ഡിവിഷന് കീഴിൽ 185.7 ഹെക്ടർ കൃഷിസ്ഥലത്ത് ജലസേചന സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ 60 ഹെക്ടർ സ്ഥലത്ത് നാണ്യവിളകൾക്കും ജലസേചന സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രോജക്ട് സർക്കിൾ, മൂവാറ്റുപുഴ - 3555 ഹെ. കെ.ഐ.പി(ആർ.ബി)സർക്കിൾ- 1412 . 51 ഹെ. പ്രോജക്ട് സർക്കിൾ, പിറവം - 1531 ഹെ. ഇറിഗേഷൻ സെൻട്രൽ സർക്കിൾ, തൃശ്ശൂർ (വാഴാനി പദ്ധതി) - 200 ഹെ. |
| (സി) | മലമ്പ്രദേശങ്ങളിൽ തോട്ട വിളകളുടെയും പഴവർഗ്ഗങ്ങളുടെയും കൃഷിക്കായി ചെറുകിട ജലസേചനത്തിന് മുൻഗണന നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | മലപ്രദേശങ്ങളിൽ തോട്ടവിളകളുടെയും പഴവർഗ്ഗങ്ങളുടെയും കൃഷിയ്ക്കായി ചെറുകിട ജലസേചനത്തിന് മുൻഗണന നൽകിയിട്ടുണ്ട്. മലയോരമേഖലയ്ക്കും അതുപോലെതന്നെ താരതമ്യേന ഉയർന്ന സ്ഥലങ്ങളിലേയ്ക്കും ജലസേചനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ലിഫ്റ്റ് ഇറിഗേഷൻ, കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. നാണ്യവിളകൾക്ക് ജലസേചനം ലഭ്യമാക്കുക എന്നതാണ് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ ലക്ഷ്യം. ജലസേചനം നടത്തിയാൽ നാണ്യവിളകളുടെ ഉൽപാദനം വർദ്ധിക്കുമെന്ന കണ്ടെത്തലിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണിത്. 2020-21 പ്ലാൻ പദ്ധതിയിൽ എല്ലാ ജില്ലകളിലും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിന് ഹരിതകേരളം ക്ലാസ്-1 പദ്ധതിയിൽ 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, കാസർഗോഡ്, തൃശ്ശൂർ, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ 12 കോടി രൂപയുടെ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ വരും വർഷങ്ങളിലും ഇതിനായി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കനാലുകളിൽ നിന്നും വളരെ അകലെയുള്ള കൃഷി സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലം എത്തിക്കാനാവുമെന്നതാണ് പ്രത്യേകത. കുളങ്ങൾ, തടയണകൾ, വി.സി.ബികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ കേന്ദ്രീകരിച്ചും പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് വരുന്നു. കൃഷിവകുപ്പുമായി സഹകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. 2020-21 വർഷത്തെ പ്ലാൻ പ്രവൃത്തികളിൽ 600 ലക്ഷം രൂപ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും 500 ലക്ഷം രൂപ നിലവിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളും നടന്നു വരുന്നു. തോട്ടവിളകളുടെയും പഴവർഗ്ഗങ്ങളുടെയും കൃഷിക്കായി ചെറുകിട ജലസേചനത്തിന് കാരാപ്പുഴ ജലസേചന പദ്ധതി മുൻഗണന നൽകിയിട്ടുണ്ട്. റിസർവ്വോയർ, കനാലുകൾ എന്നിവിടങ്ങളിൽ നിന്നും ജലം പമ്പ് ചെയ്ത് സൂക്ഷ്മ ജലസേചനത്തിനുള്ള (മൈക്രോ ഇറിഗേഷൻ) നടപടികൾ എടുത്തുവരുന്നു. കാവേരി ഡിവിഷനിൽ വിഭാവനം ചെയ്തിട്ടുള്ള ഏഴ് ഇടത്തരം ജലസേചന പദ്ധതികളിൽ ആദ്യഘട്ടമായി ഏറ്റെടുത്തിട്ടുള്ള കടമൻതോട്, തൊണ്ടാർ എന്നീ ജലസേചന പദ്ധതികളിലൂടെ മലപ്രദേശങ്ങളിൽ തോട്ടവിളകളുടെയും പഴവർഗ്ഗങ്ങളുടെയും ജലസേചനവും വിഭാവനം ചെയ്യുന്നുണ്ട്. |
| (ഡി) | നാണ്യ വിളകൾക്ക് ജലസേചന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | വകുപ്പിന് കീഴിൽ പൂർത്തീകരിച്ച പദ്ധതികളുടെ ജലസംഭരണിയിൽ നിന്ന് തോട്ടവിളകൾക്കും നാണ്യവിളകൾക്കും ജലസേചനം നടത്തി വരുന്നുണ്ട്. |
| (ഇ) | ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ വഴി നടത്തുന്ന ജലസേചനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ; | (ഇ) | ജലസേചന വകുപ്പിന് കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തനക്ഷമമായ 432 ലിഫ്റ്റ് ഇറിഗേഷൻ |

| | | | |
|---|---|---|---|
| | | | സ്കീമുകൾ വഴി ഏകദേശം 43412.92 ഹെക്ടർ പ്രദേശത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇറിഗേഷൻ ഡിവിഷൻ ചിറ്റൂരിന് കീഴിലുള്ള മീനാക്ഷിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉപയോഗിച്ച് 1200 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നുണ്ട്. മറ്റ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി – കുത്താട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പാലക്കുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പെരിയാർ വാലി ജലസേചന പദ്ധതി – മേതല, കല്ലിൽ, ഇരമല്ലൂർ. |
| (എഫ്) | ചെക്ക് ഡാം, വി.സി.ബി. റെഗുലേറ്റർ എന്നിവ ഉൾപ്പെടെയുള്ള വിവിധോദ്ദേശ്യ പദ്ധതികളുടെ പ്രവർത്തനം വിശദമാക്കുമോ? | (എഫ്) | നദികളിലും പുഴകളിലും തോടുകളിലുമുള്ള നീരൊഴുക്ക് തടഞ്ഞുനിർത്തി കുടിവെള്ളത്തിനും കാർഷിക ആവശ്യങ്ങൾക്കും ഉപയോഗപ്രദമാക്കുവാനും വെള്ളപ്പൊക്കം തടയുന്നതിനും, ഓരുവെള്ളം നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ചെക്ക് ഡാം. വി.സി.ബി. റഗുലേറ്റർ എന്നിവ നിർമ്മിക്കുന്നത്. ചെക്ക് ഡാമുകൾ റഗുലേറ്ററുകൾ എന്നിവയുടെ ഷട്ടറുകൾ കാലവർഷത്തിന്റെ അവസാനത്തോടു കൂടി അടച്ച് ജലം സംഭരിക്കുകയും കാലവർഷാരംഭത്തോടുകൂടി ഷട്ടറുകൾ തുറന്ന് പുഴകളിലെ നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തുവരുന്നു. വേനൽകാലത്ത് ജലം സംഭരിച്ച് നിർത്തുന്നത് വഴി കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം ഒരുക്കുന്നതിനും, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും, പ്രസ്തുത നിർമ്മിതികളുടെ മുകൾഭാഗത്ത് ജലവിതാനം ഉയർത്തി ഇരുകരകളിലേയ്ക്കും കൃഷിക്കും, കുടിവെള്ളത്തിനും ആവശ്യമായ ജലലഭ്യത ഉറപ്പ് വരുത്തുവാനും സാധിക്കുന്നു. കൂടാതെ ഗ്രൗണ്ട് വാട്ടർ ലെവൽ ഉയരുന്നത് മൂലം സമീപ പ്രദേശത്തെ കിണറുകൾ റീചാർജ്ജ് ചെയ്യപ്പെടുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ